അധ്യായം 94

# അശ്ശർഹ് (ഹൃദയ വിശാലത)

അവതരണം മക്കയിൽ, സൂക്തങ്ങൾ 8

**അദ്ധ്യായ പരിചയം:**

**പ്രബോധനപ്രവർത്തനങ്ങളിലെ ആദ്യനാളുകളിൽ തന്നെ പ്രവാചകൻ(സ)ക്ക് തൻെറ സമൂഹത്തിൽ നിന്ന് വേദനാജനകമായ അനുഭവങ്ങളുണ്ടായിരുന്നു. അല്ലാഹു ഈ സൂക്തങ്ങളിലൂടെ തിരുമേനിയെ സാന്ത്വനിപ്പിക്കുകയാണ്, താങ്കൾക്ക് ഹൃദയ വിശാലതയും മറ്റൊരു ദൈവദാസനും ലഭിച്ചിട്ടില്ലാത്ത സൽകീർത്തിയും നൽകിയിരിക്കുന്നു. പ്രബോധനപ്രവർത്തനത്തിൻെറ ഈ ആരംഭ ദശയിലനുഭവപ്പെടുന്ന പ്രയാസങ്ങൾക്കുശേഷം എളുപ്പത്തിൻെറയും സൗകര്യത്തിൻെറയും കാലം താങ്കൾക്ക് വരുന്നുണ്ട്.**

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

أَلَمْ نَشْرَحْ لَكَ صَدْرَكَ ﴿١﴾ وَوَضَعْنَا عَنكَ وِزْرَكَ ﴿٢﴾ ٱلَّذِىٓ أَنقَضَ
ظَهْرَكَ ﴿٣﴾ وَرَفَعْنَا لَكَ ذِكْرَكَ ﴿٤﴾ فَإِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٥﴾ إِنَّ مَعَ
ٱلْعُسْرِ يُسْرًا ﴿٦﴾ فَإِذَا فَرَغْتَ فَٱنصَبْ ﴿٧﴾ وَإِلَىٰ رَبِّكَ فَٱرْغَب ﴿٨﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. നാം നിനക്ക് നിൻെറ മാറിടം വിശാലമാക്കി തന്നില്ലേ?
2. നിൻെറ ഭാരം നിന്നിൽ നിന്നിറക്കി വെക്കുകയും ചെയ്തില്ലേ?
3. നിൻെറ മുതുകിനെ ഞെരിച്ചു കൊണ്ടിരുന്ന ഭാരം.
4. നിൻെറ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തു.
5. അതിനാൽ തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്.
6. നിശ്ചയം, പ്രയാസത്തോടൊപ്പമാണ് എളുപ്പം.
7. അതിനാൽ ഒന്നിൽ നിന്നൊഴിവായാൽ മറെറാന്നിൽ മുഴുകുക.
8. നിൻെറ നാഥനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക.

**വിശദീകരണം:**

**ഹൃദയം വിശാലമാക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദൈവികസന്മാർഗത്തിനു വേണ്ടി അദ്ദേഹത്തിൻെറ മനസ്സിനെ വിശാലമാക്കുകയും യുക്തി കൊണ്ടതിനെ സമ്പന്നമാക്കുകയും ഉത്തമസ്വഭാവം കൊണ്ട് ശുദ്ധീകരിക്കുകയും നന്മയിലേക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു എന്നാണ്. അല്ലാഹു ഒരാൾക്ക് സന്മാർഗം നല്കാനുദ്ദേശിച്ചാൽ അയാളുടെ ഹൃദയം അവൻ വിശാലമാക്കിക്കൊടുക്കും എന്ന് ഖുർആൻ വ്യക്തമാക്കുകയുണ്ടായി. പ്രവാചകനെ സംബന്ധിച്ചിടത്തോളം പ്രവാചകത്വത്തോടെ അദ്ദേഹത്തിന് ധീരമായി തൻെറ കൃത്യം നിറവേറ്റാനുള്ള കഴിവും വിജ്ഞാനവും തത്വദീക്ഷയും ഉൾക്കാഴ്ചയും ഉന്നതമായ മനസ്സും അല്ലാഹു നല്കുകയുണ്ടായി.**

**ഭാരം ഇറക്കിവെക്കുകയെന്നതുകൊണ്ട് അർഥമാക്കുന്നത് അജ്ഞാനകാലത്തിൻെറ ചിന്തകളും അക്കാലത്ത് സംഭവിച്ച തെറ്റുകളും പൊറുത്തുകൊടുക്കുകയും അദ്ദേഹത്തിൽനിന്ന് അതിൻെറ ആകുലത നീക്കംചെയ്യുകയും ചെയ്തതിനെ സംബന്ധിച്ചാണ്. ആ ചിന്ത അദ്ദേഹത്തെ പ്രവാചകത്വത്തിന് ശേഷവും പ്രയാസപ്പെടുത്തുകയും വലിയൊരു ഭാരമായി അദ്ദേഹത്തിന് അനുഭവപ്പെടുകയും ചെയ്തിരുന്നു. അതേയവസരം, അത് അദ്ദേഹത്തെ അലട്ടിയിരുന്ന അജ്ഞാനകാലത്തെ ദുരാചാരങ്ങളെയും ദുർമാർഗജീവിതത്തെയും സംബന്ധിച്ച ചിന്തകളാണെന്നും അഭിപ്രായമുണ്ട്. ഈ ഭാരത്തെ സന്മാർഗം പ്രധാനം ചെയ്തതിലൂടെ അല്ലാഹു ദൂരീകരിക്കുകയാണ് ചെയ്തത്.**

നിൻെറ യശസ്സുയർത്തി എന്നതുകൊണ്ട് അർഥമാക്കുന്നത് അല്ലാഹു അദ്ദേഹത്തിന് നല്കിയ പ്രത്യേക ആദരവിനെയാണ്. നമസ്കാരത്തിന് ബാങ്ക് വിളിക്കുന്ന ഏതൊരാളും, ബാങ്ക് കേൾക്കുന്ന ഏത് വ്യക്തിയും, നമസ്കരിക്കുന്ന ഏത് ഏകദൈവവിശ്വാസിയും, ഏകദൈവത്തിൻെറ സന്മാർഗം പുല്കുന്ന ലോകത്തെ ഏത് വ്യക്തിയും, വെള്ളിയാഴ്ച ജുമുഅ ഖുതുബ നടത്തുന്ന ഏതൊരു പണ്ഡിതനും, പ്രവാചകൻെറ നാമം കേൾക്കുന്ന ലോകത്തെ എത് ഏകദൈവവിശ്വാസിയും അല്ലാഹുവിൻെറ നാമത്തോടൊപ്പം അദ്ദേഹത്തിൻെറ നാമം കൂട്ടി ഉച്ചരിക്കാതെ ഒരു പ്രദേശവും ഇന്ന് ലോകത്തില്ല. അത്രത്തോളം അദ്ദേഹത്തിൻെറ യശസ്സ് അല്ലാഹു ഉയർത്തിക്കൊടുത്തു. അറേബ്യയിൽനിന്നുൽഭവിച്ച ആ പ്രകീർത്തനം ലോകം മുഴുക്കെ വ്യാപിക്കുകയും ആ സ്മരണ അന്ത്യനാൾ വരെ നിലനിർത്തുകയും ചെയ്യും. മുഹമ്മദ് വാലറ്റവനാണ്, മാരണം ബാധിച്ചവനാണ്, പിഴച്ചവനാണ് തുടങ്ങിയ ആക്ഷേപശകാരങ്ങളുമായി സമൂഹത്തിലെ ഉന്നതരും പ്രമാണിമാരും നാടൊട്ടാകെ ചുറ്റിത്തിരിയുന്നതിനിടയിലാണ് ഈ യശസ്സ് കൈവന്നതെന്ന് മനസ്സിലാക്കണം.

പ്രവാചകൻ(സ) അനുഭവിക്കുന്ന പ്രയാസങ്ങളെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ഇപ്പോഴത്തെ ക്ലേശപൂർണമായ അവസ്ഥ നീങ്ങിക്കൊണ്ടിരിക്കെതന്നെ തീർച്ചയായും നിനക്ക് നാം സുഖകരമായ അവസ്ഥ പ്രദാനം ചെയ്യും. അതിനാൽ നീ നിൻെറ കൃത്യങ്ങളിൽനിന്ന് വിരമിച്ചാൽ തികഞ്ഞ മനസ്സാന്നിധ്യത്തോടെ ആരാധനകളിൽ മുഴുകുകയും തുടർന്ന് തൻെറ നാഥൻെറ പ്രീതിക്കായി പരിശ്രമിക്കുകയും ചെയ്യുക.